# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025-2030

## ഗവ.എൽ.പി.എസ് തോട്ടപ്പള്ളി



സ്ഥാപിതം - 1894
പുറക്കാട് ഗ്രാമപഞ്ചായത്ത്
വാർഡ് - 13

അമ്പലപ്പുഴ വിദ്യാഭ്യാസ ഉപജില്ല
ആലപ്പുഴ വിദ്യാഭ്യാസ ജില്ല
ആലപ്പുഴ

# ഉള്ളടക്കം


- ആമുഖം
- ചരിത്രം, നേട്ടങ്ങൾ, പ്രതിസന്ധികൾ
- അക്കാദമീയ കാഴ്ചപ്പാട്
- അവസ്ഥാ വിശകലനം
- പ്രശ്നങ്ങൾ വെല്ലുവിളികൾ
  - അക്കാദമികം
  - ഭൗതികം
  - സാമൂഹികം
- പദ്ധതി രൂപീകരണ പ്രക്രിയ
- മേഖല പ്രവർത്തനങ്ങൾ
  - ✓ മലയാളം
  - ✓ ഇംഗ്ലീഷ്
  - ✓ ഗണിതം
  - ✓ പരിസരപഠനം
  - ✓ കലാ കായിക പ്രവൃത്തി പരിചയം
  - ✓ മൂല്യനിർണ്ണയം
  - ✓ സവിശേഷപഠന പിന്തുണ
  - ✓ ഭൗതിക സൗകര്യ വികസനം
  - ✓ സമൂഹ ബന്ധ ആസൂത്രണം
- മോണിറ്ററിംഗ്
- ഉപസംഹാരം

## തോട്ടപ്പള്ളി സ്കൂളിനെ അറിയുമ്പോൾ

വയലോലകളും കടലകളും അതിരിടുന്ന പ്രശാന്തസുന്ദരമായ ആനന്ദേശ്വരം ഗ്രാമത്തിന്റെ വിദ്യാഭ്യാസ സാംസ്കാരിക സ്വപ്നങ്ങൾക്ക് നിറവും ചിറകും നൽകിയിരിക്കുന്ന വിദ്യാലയമാണ് ഗവ എൽപിഎസ് തോട്ടപ്പള്ളി. ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിലെ പുറക്കാട് പഞ്ചായത്തിലെ പതിമൂന്നാം വാർഡിലാണ് ഈ പാഠശാല നിലകൊള്ളുന്നത്. സാമൂഹിക പ്രതിബദ്ധതയുള്ള മനുഷ്യസ്നേഹികളുടെ ശ്രമഫലമായി 1894 ജൂൺ 27ന് കൊല്ലവർഷം 1069 മിഥുനം 14ന് ആനന്ദവല്ലീശ്വരത്ത് ഈ പ്രാഥമിക വിദ്യാലയം സ്ഥാപിക്കപ്പെട്ടു. പരിമിതമായ സൗകര്യങ്ങളോടെ ആരംഭിച്ച ഈ വിദ്യാലയം പഞ്ചായത്തിലെ നൂറുവർഷം പിന്നിട്ട ആദ്യത്തെ വിദ്യാലയമാണ്. പഞ്ചായത്തിലെ ക്ലസ്റ്റർ സെൻറർ ആയിരുന്ന ഈ സരസ്വതി ക്ഷേത്രത്തോട് ചേർന്ന് ഒരു ശിവക്ഷേത്രം ഉണ്ട്. ഇന്നാട്ടിലെ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക ഔദ്യോഗിക രംഗങ്ങളിൽ ഉന്നത നിലയിൽ പ്രവർത്തിക്കുന്നവരെല്ലാം ഈ വിദ്യാലയത്തിന്റെ പടികടന്നു പോയവരാണ്.

പ്രീ പ്രൈമറി മുതൽ നാലാം ക്ലാസ് വരെ ഇവിടെ അധ്യായം നടന്നുവരുന്നു. ഒരു പ്രാഥമിക വിദ്യാലയത്തിന് വേണ്ട ശാന്തതയും ശാലീനതയും ഒന്നുചേർന്ന ഈ സ്ഥാപനം ഇന്ന് കടുത്ത വെല്ലുവിളികൾ നേരിടുന്നു. പ്രീ പ്രൈമറി വിഭാഗത്തിൽ ഒരു അധ്യാപികയും ആയയും എൽ.പി ഭാവത്തിൽ പ്രഥമ അധ്യാപകൻ ഉൾപ്പെടെ നാല് അധ്യാപകരും സേവനമനുഷ്ഠിക്കുന്നു. പാർട്ട് ടൈം മീനിലും ഈ സ്ഥാപനത്തിൽ സേവനം ചെയ്തു വരുന്നു.

വിദ്യാഭ്യാസ മേഖലയിൽ കാലികമായി നടന്നുവരുന്ന എല്ലാ പ്രവർത്തനങ്ങളും ഏറ്റവും മികച്ച രീതിയിൽ വിദ്യാലയം ഏറ്റെടുത്ത് നടത്തിവരുന്നു. മലയാളത്തിളക്കവും ശ്രദ്ധയും വളരെ ആത്മാർത്ഥത യുടെയും കണിശതയുടെയും നടന്നു വരുന്നു. 2025 നടന്ന LSS പരീക്ഷയിൽ മാസ്റ്റർ മഹേശ്വർ.എസ് ന്റെ വിജയം വിദ്യാലയത്തിലെ

അക്കാദമിയ മികവിന്റെ നേർസാക്ഷ്യമാണ്. ഉപജില്ലാതലത്തിൽ നടന്ന കലോത്സവങ്ങളിലും ശാസ്ത്രമേളകളിലും മത്സര പരീക്ഷകളിലും ഭേദപ്പെട്ട പ്രകടനത്തോടെ പങ്കാളിത്തം ഉറപ്പാക്കുന്നു. SMC, SRG, MPTA തുടങ്ങിയ ഔപചാരിക വേദികളിൽ എല്ലാം കൃത്യമായ പ്രവർത്തന പദ്ധതികളോട് പരിമിതികൾക്കുള്ളിൽ നിലനിൽക്കുന്നുണ്ട്. അക്കാദമിയെ പ്രാധാന്യമുള്ള ദിനാചരണങ്ങളും ആഘോഷങ്ങളും ഏറ്റവും മികച്ച മെച്ചപ്പെട്ട രീതിയിൽ സംഘടിപ്പിച്ചുവരുന്നു വ്യക്തിശ്രദ്ധ നൽകി ഓരോ കുട്ടിയുടെയും മികവും കുറവും തിരിച്ചറിഞ്ഞു ആവശ്യമായ പിന്തുണ നൽകാൻ അധ്യാപകർക്ക് കഴിയുന്നുണ്ട്.

വർഷംതോറും കുട്ടികളുടെ എണ്ണത്തിൽ ഉണ്ടായിരുന്ന കുറവ് കുറേശെയായി മാറിക്കൊണ്ടിരിക്കുന്നു എങ്കിലും ഇനിയും മുന്നേറേണ്ടതുണ്ട്. എസ്.എസ്.കെ യുടെ ആവർത്തന സ്വഭാവമുള്ള സാമ്പത്തിക പിന്തുണയോടെ പ്രവർത്തനങ്ങൾ നടക്കുന്നു എങ്കിലും ഭൗതിക സൗകര്യങ്ങൾ ഒട്ടും തൃപ്തികരമല്ല. ദേശീയപാത വികസനം വഴി ഉയർന്നുവന്ന വെല്ലുവിളികളും കണ്ടില്ലെന്ന് നടിക്കാനാവില്ല. സമീപ വിദ്യാലയങ്ങളിലെല്ലാം ഗതാഗത സൗകര്യം ഒരുക്കി വിദ്യാലയ പരിസരത്ത് നിന്ന് പോലും കുട്ടികളെ ആകർഷിക്കുമ്പോൾ ഈ സ്കൂളിന് മതിയായ ഗതാഗത സൗകര്യം ഒരുക്കാൻ കഴിയുന്നില്ല. വിദ്യാഭ്യാസ അവകാശ നിയമം മുന്നോട്ടുവയ്ക്കുന്ന അയൽപക്ക വിദ്യാലയം എന്ന സങ്കല്പം ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തേണ്ടതുണ്ട്.

വിദ്യാലയത്തിന്റെ ഭൗതിക അന്തരീക്ഷം മെച്ചപ്പെടുത്തി ആകർഷകമാക്കിയും ജനസാമാന്യത്തിൻറെ അവിശ്വാസിക്കുന്ന തരത്തിൽ സ്കൂളിലെ അക്കാദമിയെ പ്രവർത്തനങ്ങൾ ജനങ്ങൾ എത്തിക്കുകയും ചെയ്യേണ്ടതുണ്ട്. വിദ്യാലയ ജീവനക്കാരും എസ്എംസിയും പൂർവവിദ്യാർത്ഥികളും അഭ്യുദയകാംക്ഷികളും ജനപ്രതിനിധികളും ഉൾപ്പെടുന്ന ജനകീയ ഇടപെടലിലൂടെ മാത്രമേ ഈ സ്ഥാപനത്തെ മെച്ചപ്പെടുത്താൻ കഴിയൂ.

## ❖ അക്കാദമീയ കാഴ്ചപ്പാട്

വിദ്യാഭ്യാസ അവകാശ നിയമം മുന്നോട്ടുവെക്കുന്ന അയൽപക്ക വിദ്യാലയം എന്ന സങ്കല്പം സാർത്ഥകമാക്കാനായി വിദ്യാലയ ഗുണത ഉറപ്പുവരുത്തും ആധുനിക വിദ്യാഭ്യാസ സങ്കേതങ്ങൾ പരമാവധി പ്രയോജന പ്പെടുത്തി ഗുണമേന്മാ വിദ്യാഭ്യാസം നേടിയെടുക്കും. അതിനായി നിരന്തര മൂല്യനിർണ്ണയത്തിന്റെ കാര്യക്ഷമമായ പ്രയോഗവൽക്കരണത്തി ലൂടെ ഓരോഘട്ടവും മുന്നോട്ടുവെക്കുന്ന പഠനനേട്ടങ്ങൾ ആർജിച്ചെടുക്കു ന്നുവെന്നുറപ്പുവരുത്തും. ജാതി, മത,വർഗ്ഗ,വർണ്ണ,ലിംഗ വിവേചനങ്ങൾ മറികടന്ന് മാതൃകാ സമൂഹ സൃഷ്ടിക്കായി പുതുതലമുറയെ സജ്ജമാക്കാൻ ഈ സ്കൂളിനു കഴിയണം. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളെ ആവശ്യമായ പിന്തുണ യഥാസമയം നൽകി മുഖ്യധാരയിൽ ചേർത്തു നിർത്തും. പരിസ്ഥിതി സൗഹാർദ്ദപരമായ കാഴ്ചപ്പാടിലൂന്നിയ സുസ്ഥിര വികസനത്തിനുതകുന്ന മാതൃകാ സമൂഹത്തിന്റെ പ്രതീക്ഷകൾ ഈ വിദ്യാലയം നെഞ്ചിലേറ്റും. ഭാഷാപഠന രീതി തുറന്നിടുന്ന സാധ്യതകൾ നിലനിർത്തി പരിമിതികൾ തരണം ചെയ്യാനായി പരിഹാരബോധന പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തും വരുന്ന അഞ്ചു വർഷക്കാലം കൊണ്ട് വിദ്യാഭ്യാസ ഗുണതയും തുല്യതയും ഉറപ്പുവരുത്തുന്നതരത്തിൽ സമസ്ത മേഖലയിലും ധനപരമായ പരിവർത്തനം കൈവരിക്കും. ആധുനിക ശാസ്ത്ര സാങ്കേതിക പുരോഗതി ഫലപ്രദമായി പ്രയോജനപ്പെടുത്തിക്കൊണ്ട് ഭൗതികസൗകര്യങ്ങൾ മികവുറ്റതാക്കും. പ്രവേശനം നേടുന്ന മുഴുവൻ കുട്ടികൾക്കും സമസ്തമേഖലകളിലും പരമാവധി വളർച്ച ഉറപ്പുവരുത്തി അന്താരഷ്ട്ര നിലവാരത്തിലേക്കു നയിക്കും. നിരന്തരവും സമഗ്രവുമായ വിലയിരുത്തലുകളുടെയും അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ കാലികമായ പഠനഗവേഷണഫലങ്ങളെ സ്വാംശീകരിച്ചു കൊണ്ട് മുമ്പോട്ട് പോകും. പാഠശാലയുടെ പടി കടന്നെത്തുന്ന കുട്ടികളെ പ്രാദേശികമായ സങ്കുചിതത്വത്തിൽ നിന്ന് അന്തർദേശീയമായ അറിവുകളിലേക്കും അനുഭവങ്ങളിലേക്കും നയിക്കാൻ കഴിയും

# പൊതു ലക്ഷ്യങ്ങൾ

- പ്രവേശനം നേടുന്ന എല്ലാ കുട്ടികളുടെയും സമഗ്ര വികസനത്തിന് ഉതകുന്ന ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തും.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവുകൾ പരമാവധി പ്രോത്സാഹിപ്പിച്ച വിവിധ തലങ്ങളിൽ ശ്രദ്ധേയരായ പൗരന്മാരെ വളർത്തും.
- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും യഥാകാലം നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.
- മാതൃഭാഷയിലും ഇംഗ്ലീഷിലും മികച്ച നിലവാരം ഉറപ്പുവരുത്തും.
- സ്വതന്ത്ര രചനയ്ക്ക് പ്രാധാന്യം നൽകും.
- സചിത്ര സംയുക്ത ഡയറി സർഗാത്മിക ഡയറി ഇവ ഫലപ്രദമായി തുടർന്നു പോകുന്നുണ്ടെന്ന് ഉറപ്പുവരുത്തും.
- ജീവിത നൈപു നീകളിൽ മാതൃകാപരമായ നില കൈ വരുത്തും.
- പരിസ്ഥിതി സൗഹാർദ്ദപരമായ കാഴ്ചപ്പാടും മാനവികതയിൽ ഉന്നിയ മൂല്യബോധവും വളർത്തും.
- ആധുനിക വിവിധ സാങ്കേതികവിദ്യയെ ഫലപ്രദമായ പ്രയോജനപ്പെടുത്തും.
- ആരോഗ്യ, കല, കായിക പ്രവർത്തി പരിചയം ഉള്ള മേഖലകളുടെ സമഗ്രവിക വികാസം ഉറപ്പും വരുത്തും.
- പടിപടിയായി അന്തർദേശീയ തലത്തിലേക്ക് വിദ്യാലയത്തെ മാറ്റിയെടുക്കും.

# ജൂണിൽ ആദ്യത്തെ രണ്ടാഴ്ച സ്കൂളിൽ നടത്തേണ്ട പ്രവർത്തന റിപ്പോർട്ട്

മധ്യവേനൽ അവധിക്ക് ശേഷം സംസ്ഥാനത്തെ സ്കൂളുകൾ ജൂൺ രണ്ടിന് തുറന്നു. എന്നാൽ മഴയും വെള്ളക്കെട്ടും മൂലം ചില സ്കൂളുകൾ 4നും 5നുമാണ് തുറന്നത്. സ്കൂളും നാലിനാണ് തുറന്നത് ആയതിനാൽ അന്നേദിവസം മുതലുള്ള മാർഗനിർദ്ദേശ ക്ലാസ്സുകളാണ് നൽകി തുടങ്ങിയത്. ജൂൺ 3 മുതൽ 13 വരെ സർക്കുലർ അനുസരിച്ചുള്ള ക്ലാസുകളാണ് നടത്തേണ്ടത്.

രണ്ടാഴ്ചത്തെ സ്കൂൾ ടൈംടേബിളിൽ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം നടപ്പിലാക്കുവാനുള്ള മാർഗനിർദേശങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്. ദിവസവും ഒരു മണിക്കൂർ ഇതിനായി മാറ്റിവയ്ക്കാനും തീരുമാനിച്ചു. കുട്ടികൾക്ക് ക്ലാസിൽ സന്തോഷമില്ലാതെ പഠന പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള വിശ്വാസം ആണ് പ്രാരംഭ ദിനത്തിൽ ഉണ്ടാകേണ്ടത്.

## ഓരോ ദിവസത്തെയും ക്ലാസുകൾ താഴെ പറയുന്ന പ്രകാരമാണ്

3-ാം തീയതി മുതലുള്ള കാര്യങ്ങളാണ് ഷെഡ്യൂൾ ചെയ്തിരുന്നത്. എന്നാൽ 4-ാം തീയതി മുതലാണ് മഴമൂലം മാർഗ്ഗ അവബോധം ക്ലാസ് നടത്തിയത്.

**04.06.2025 ബുധൻ**

റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സ്കൂൾ വാഹന സഞ്ചാരം ട്രാഫിക് നിയമങ്ങൾ ഇവയെ കുറിച്ചുള്ള ഒരു അവബോധമാണ് ഈ ക്ലാസ്സിലൂടെ നൽകാൻ ശ്രമിച്ചത്. മുൻ ക്ലാസുകളിൽ ഇവയെക്കുറിച്ച് അറിവുണ്ടായിരുന്നതിനാൽ പ്രവർത്തനങ്ങൾ എളുപ്പമായിരുന്നു. അസംബ്ലിയിലും ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്തു. റോഡ് നിയമങ്ങളുമായി ബന്ധപ്പെട്ട വീഡിയോകളും ഡോക്യുമെൻററികളും കുട്ടികൾക്ക് കാണാൻ അവസരം നൽകുകയുണ്ടായി.

**05.06.2025 വ്യാഴം**

വ്യക്തി ശുചിത്വം പരിസര ശുചിത്വം ഹരിത ക്യാമ്പ് സ്കൂൾ സൗന്ദര്യവൽക്കരണം എന്നിവയായിരുന്നു ജൂൺ അഞ്ചാം തീയതിയിലെ തീം. ജൂൺ 5 പരിസ്ഥിതി ദിനം കൂടെ ആയതിനാൽ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൂടി ഇതിൽ ഉൾപ്പെടുത്തി. രണ്ടു മുതൽ നാലു വരെയുള്ള കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് പരിസ്ഥിതി ദിന ക്വിസ് നടത്തുകയുണ്ടായി. ഇത് നാലാം ക്ലാസിൽ നിന്നുള്ള ജഗന്നാഥ് ജ്യോതിഷ് ഒന്നാം സ്ഥാനവും മൂന്നാം ക്ലാസിൽ നിന്നുള്ള ശിവന്യ പി എസ് സ്ഥാനവും നാലാം ക്ലാസിൽ നിന്നുള്ള ഐശ്വര്യം ആര്യനും മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഒന്നാം ക്ലാസിലെ കുട്ടികൾക്ക് ഇത് കേട്ടിരിക്കാനുള്ള അവസരവും നൽകുകയുണ്ടായി.

## 09.06.2025 തിങ്കൾ

ആരോഗ്യം വ്യായാമം കായികക്ഷമത ഇവയെ കുറിച്ചുള്ള ഒരു അവബോധം നൽകുന്ന പ്രവർത്തനങ്ങളാണ് ഇന്നേദിവസം നൽകിയത് ഇതിനായി പ്രത്യേക അസംബ്ലി കണ്ടക്റ്റ് ചെയ്തു. അസംബ്ലിയിൽ യോഗയുടെയും വ്യായാമത്തിന്റെയും സവിശേഷതകളെക്കുറിച്ച് ഡോക്ടർ നയന ക്ലാസ് എടുത്തു. കഴിഞ്ഞ വർഷങ്ങളിൽ എല്ലാ ബുധനാഴ്ചയും യോഗയുടെ ഒരു ഗ്ലാസ് ഡോക്ടർ നയന കുട്ടികൾക്ക് നൽകിയിരുന്നു. ആരോഗ്യ ശീലങ്ങളെയും വ്യായാമവും നമ്മൾ നിത്യജീവിതത്തിൽ ഉണ്ടാകുന്ന പല മാറ്റങ്ങളെക്കുറിച്ചും അസംബ്ലിയിൽ ക്ലാസ് എടുത്തു. എല്ലാ അസംബ്ലിയിലും കുട്ടികൾ വ്യായാമം മുറകൾ അഭ്യസിച്ചിരുന്നു. വ്യായാമമുറകളെല്ലാം കുട്ടികൾ കൃത്യമായി ചെയ്തിരുന്നു. ക്ലാസിനു ശേഷം കുട്ടികൾക്ക് സൂമ്പ ഡാൻസ് പോലുള്ള വീഡിയോകൾ കാണിച്ച് അത് ചെയ്യുന്നതിനുള്ള അവസരവും നൽകി.

## 10.06.2025 ചൊവ്വ

ഡിജിറ്റൽ അച്ചടക്കം ആയിരുന്നു ഇന്നത്തെ പഠന പ്രവർത്തന വിഷയം. ഈ വിഷയത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനും പ്രവർത്തനങ്ങൾ നൽകുന്നതിനും കൂടുതൽ സമയം എടുക്കേണ്ടി വന്നു. മൊബൈൽ ഫോണിൻറെ അമിത ഉപയോഗത്തെ കുറിച്ചാണ് കൂടുതൽ ചർച്ച നടന്നത്. ഇതിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉണ്ടായിരുന്നു. എല്ലാവരും അവരവരുടെ അഭിപ്രായങ്ങളും അനുഭവങ്ങളും പങ്കുവെച്ചു. അമിതമായും ഉപയോഗിക്കാൻ ഉപയോഗിച്ചതുമൂലം ഒരു കുട്ടിയിൽ ഉണ്ടാക്കിയ മാറ്റങ്ങളും അവൻ നേരിട്ട് പ്രയാസങ്ങളും അടങ്ങുന്ന ഒരു ഷോർട്ട് വീഡിയോ കുട്ടികളെ കാണിച്ചു. ആവശ്യത്തിനും അനാവശ്യത്തിനും മൊബൈൽ ഫോൺ ഉപയോഗിക്കുന്ന ഇപ്പോഴത്തെ തലമുറകളുള്ള ഈ കുട്ടികൾക്ക് ഇത് ഒരു നല്ല അനുഭവമായിരിക്കും.

**11.06.2025 ബുധൻ**

പൊതുമുതൽ സംരക്ഷണം എന്ന വിഷയമാണ് ഇന്ന് ചർച്ച ചെയ്തത്. പൊതുസമ്പത്ത് എന്താണെന്ന് ആദ്യം കുട്ടികൾക്ക് ഒരു ധാരണ നൽകി. എന്തൊക്കെയാണ് നമ്മുടെ പൊതുസമ്പത്ത് എന്ന് അവരെ ക്കൊണ്ട് തന്നെ പറയിപ്പിച്ചു. നമ്മുടെ പൊതുമുതലിലൊന്നായ സ്കൂളും അതുമായി ബന്ധപ്പെട്ട മറ്റ് മുതലുകളുടേയും സംരക്ഷണ ചുമതലകളെ കുറിച്ചുമാണ് ക്ലാസ് എടുത്തത്. ചർച്ചയിൽ ഉടനീളം കുട്ടികളുടെ പങ്കാളിത്തം ഉണ്ടായിരുന്നു. ഈ ക്ലാസ് കുട്ടികൾക്ക് ഒരു നല്ല അനുഭവമായിരുന്നു.

## ✦ പ്രശ്നങ്ങൾ വെല്ലുവിളികൾ

| പ്രശ്നങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | പദ്ധതിപ്രവർത്തനങ്ങൾ |
|---|---|---|
| **അക്കാദമീയം**<br>• ഭാഷാപരമായ പിന്നോക്കാവസ്ഥ(മലയാളം)<br>• വായനാ പോഷണം<br>• ലേഖനപോഷണം<br>• ഭാഷാപരമായ പിന്നോക്കാവസ്ഥ(ഇംഗ്ലീഷ )<br>• വായനാ പോഷണം<br>• ലേഖനപോഷണം<br>• ഗണിതത്തിലെ പിന്നോക്കവസ്ഥ ചതുഷ് ക്രിയകൾ,സംഖ്യാ ബോധം,പ്രശ്ന നിർധാരണം)<br>• ശാസ്ത്രം<br>• കായികപരിശീലനം<br>• പ്രവൃത്തിപരിചയപരിശീലനം<br>• കലാ പരിശീലനം<br>• പഠനയാത്രകൾ<br>• ലൈബ്രറി<br>• ലാബ്<br>• കൗൺസലിങ്ങ്<br>• മൂല്യനിർണ്ണയം<br>• പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ ബോധനം<br>• ടാലൻറ് ലാബ് | പ്രാഥമിക നില നിർണയം<br>പ്രവർത്തന പാക്കേജ്<br><br>പ്രത്യേക അദ്ധ്യാപക നിയമനം<br>സൗകര്യങ്ങൾ വർദ്ധിപ്പിക്കുക<br>പ്രത്യേക അദ്ധ്യാപക നിയമനം<br>പ്രവർത്തന പാക്കേജ് | അക്ഷരം ഉറപ്പിക്കൽ<br>വായനക്കാർഡ്<br>കഥ പൂരണം<br>വായനാ ക്കൂട്ടം ക്ലാസ് ലൈബ്രറി<br>അമ്മ വായന<br>അഭിമുഖങ്ങൾ പതിപ്പുകൾ സ്കൂൾ പത്രം<br>എൻെറ നിരീക്ഷണ/ പരീക്ഷണ പുസ്തകം<br>പരിശീലനം<br><br>പരിശീലനം<br>പരിശീലനം |

| | | |
|---|---|---|
| **ഭൗതികം** | | |
| ➢ അഡീഷണൽ ക്ലാസ് മുറികൾ | | നിർമ്മാണ പ്രവർത്തനം |
| ➢ ശിശു സൗഹൃദ ഫർണിച്ചറുകൾ | | സാമഗ്രികൾ വാങ്ങൽ |
| ➢ കളിയുപകരണങ്ങൾ | | സാമഗ്രികൾ വാങ്ങൽ |
| ➢ ആധുനിക സൗകര്യങ്ങളൊടെയുള്ള പാചകപ്പുരയും ഡൈനിങ് ഹാളും | | |
| ➢ കമ്പ്യൂട്ടർ സൗകര്യങ്ങൾ ഹൈടെക്ക് ക്ലാസ്സ് റൂമുകൾ | | നിർമ്മാണ പ്രവർത്തനം |
| ➢ ശബ്ദ സംവിധാനം | | നിർമ്മാണ പ്രവർത്തനം |
| ➢ കിഡ്സ് പാർക്ക് | | സാമഗ്രികൾ വാങ്ങൽ |
| ➢ ലാബ് ലൈബ്രറി സൗകര്യങ്ങൾ | | സാമഗ്രികൾ വാങ്ങൽ |
| ➢ സംഗീതോപകരണങ്ങൾ | സ്പോൺസർഷിപ്പ് വഴിയോ അല്ലാതെയൊ വാഹനം വാങ്ങൽ | നിർമ്മാണ പ്രവർത്തനം |
| ➢ വാഹന സൗകര്യം | | |
| ➢ അലമാരകൾ | | നിർമ്മാണ പ്രവർത്തനം |
| ➢ ജൈവവൈവിധ്യ പാർക്ക് | | നിർമ്മാണ പ്രവർത്തനം |
| ➢ ആഡിറ്റോറിയം | | നിർമ്മാണ പ്രവർത്തനം |
| ➢ ടോയ് ലറ്റുകൾ (ഗേൾസ് ഫ്രണ്ട്ലി,അഡാപ്റ്റഡ്) | | നിർമ്മാണ പ്രവർത്തനം |
| ➢ ഇൻസിനേറ്റർ | | നിർമ്മാണ പ്രവർത്തനം |
| ➢ ചുറ്റുമതിൽ ആകർഷകമാക്കൽ | | |
| ➢ കുടിവെള്ളവിതരണവുംഡ്രെയിനേജും | | |

| | | |
|---|---|---|
| **സാമൂഹികം**<br>▪ കുട്ടികളുടെ എണ്ണത്തിലുള്ള കുറവ്<br>▪ പഠനപിന്തുണ നൽകാൻ കഴിയാത്ത അവസ്ഥ<br>▪ ദിനാചരണങ്ങൾ<br>▪ റിസോഴ്സ് മാപ്പിങ്ങ്<br>▪ ഫലപ്രദമല്ലാത്ത കൂട്ടായ്മകൾ<br>▪ വിദ്യാലയ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | വാഹന സൗകര്യം<br>ഫീൽഡ് സർവ്വെ<br>ബോധവൽക്കരണം<br>ബോധവൽക്കരണം | വാഹന സൗകര്യം<br>ഫീൽഡ് സർവ്വെ<br>ബോധവൽക്കരണം<br>ബോധവൽക്കരണം<br>പരിശീലനം<br>ബോധവൽക്കരണം<br>ബോധവൽക്കരണം |

## പദ്ധതി രൂപീകരണ പ്രക്രിയ

സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് യോഗം ചേർന്ന് പ്രാഥമികചർച്ചകൾ നടത്തി. പരിശീലനത്തിൽ ലഭിച്ച ആശയങ്ങൾ പങ്ക് വെച്ചു. SWOT വിശകലനം നടത്തി അക്കാദമികം,ഭൗതികം, സാമൂഹികം എന്നിങ്ങനെ മൂന്ന് ശീർഷകങ്ങൾ അടിസ്ഥാനമാക്കി ആശയങ്ങൾ രൂപപ്പെടുത്താൻ ചുമതല നൽകി. തുടർന്ന് രക്ഷാകർതൃസംഗമം നടത്തി അദ്ധ്യാപകർ രൂപപ്പെടുത്തിയ ആശയങ്ങൾ ചർച്ചചെയ്ത് കൂട്ടിച്ചേർക്കലുകൾ നടത്തി ലഭ്യമായ പൂർവാദ്ധ്യാപകരുമായും പൂർവ്വ വിദ്യാർഥികളുമായും ആശയവിനിമയം നടത്തി. ശേഷം വീണ്ടും യോഗം ചേർന്ന് ചർച്ചചെയ്ത് അക്കാദമിക മാസ്റ്റർ പ്ലാനിന്റെ റിപ്പോർട്ട് ഘടനയ്ക്ക് അന്തിമ രൂപം നൽകി തുടർന്നു വിവിധ അധ്യായങ്ങൾ എഴുതി തയ്യാറാക്കാൻ ചുമതല വീതിച്ചു നൽകി. എസ് എം സി ചേർന്ന് കരട് റിപ്പോർട്ട് അംഗീകരിച്ചു . വിവിധ വേദികളിൽ അവതരിപ്പിക്കുവാനും ചർച്ചകൾക്ക് വിധേയമായി ആവശ്യമായ നിർദ്ദേശങ്ങൾ സ്വാംശീകരിക്കുവാനും ഹെഡ്മാസ്റ്ററെ ചുമതലപ്പെടുത്തി



## പ്രവർത്തനങ്ങൾ

✓ **മേഖല - അക്കാദമികം**

❖ **ഉപമേഖല - മലയാളം (മാതൃഭാഷ)**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • അക്ഷരം ഉറപ്പാക്കൽ,<br>• ചിഹ്നം ഉറപ്പാക്കൽ,<br>• വായനാക്കാർഡ്, അക്ഷരം/പദം/വാക്യം<br>• അടിക്കുറിപ്പ്,<br>• കഥപറയൽ,<br>• കഥാപൂരണം,<br>• ചിത്രവിവരണം | ടേം ഒന്ന് | SRG<br>മലയാളത്തിളക്കം കോർഡിനേറ്റർ | |
| വായനാപോഷണം | • വായനാക്കൂട്ടം രൂപീ, കരിക്കൽ,<br>• വായനാമൂല,<br>• ക്ലാസ് ലൈബ്രറി ഒരുക്കൽ,<br>• വായനോത്സവം,<br>• പത്രവായന,<br>• അമ്മവായന,<br>• പുസ്തകചർച്ച,<br>• വായനാക്കുറിപ്പ്.<br>• ദിനാചരണങ്ങൾ,<br>• അഭിമുഖങ്ങൾ | അദ്ധ്യയന വർഷം | SRG<br>ക്ലാസ്സ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| ലേഖനപോഷണം | • വായനാക്കുറിപ്പ് പതിപ്പ്,<br>• സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ്,<br>• ഇൻലന്റ് മാഗസിൻ,<br>• ക്ലാസ് മാഗസിൻ<br>• സ്കൂൾ മാഗസിൻ,<br>• ചുമർ പത്രം,<br>• കഥാ, കവിതാ പതിപ്പുകൾ,<br>• സ്കൂൾ പത്രം | അദ്ധ്യയന വർഷം | SRG<br><br>ക്ലാസ്സ് ടീച്ചർ | |

✓ **മേഖല - അക്കാദമികം**

❖ **ഉപമേഖല - ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വർദ്ധിപ്പിക്കൽ | • പ്രാഥമിക നില നിർണ്ണയം നടത്തി മികവുകളും പോരായ്മകളും കണ്ടെത്തുക.<br>• പരമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കൽ.<br>• ലളിതമായ ഇംഗ്ലീഷ് പുസ്തക ലൈബ്രറി.<br>• Picture stories, Story books, Rhymes.<br>• Word of the day.<br>• Reading cards.<br>• ചുമർ പത്രം.<br>• പാടാനും അഭിനയിക്കാനും കഴിവുള്ള കുട്ടികളെ | ടേം ഒന്ന്<br><br>അദ്ധ്യയന വർഷം | SRG<br><br>ഇംഗ്ലീഷ്ടീച്ചർ<br><br>SRG<br><br>ഇംഗ്ലീഷ്ടീച്ചർ<br><br>SRG<br><br>ഇംഗ്ലീഷ്ടീച്ചർ | |

| | | | | |
|---|---|---|---|---|
| | കണ്ടെത്തി പ്രയോജന പ്പെടുത്തൽ,<br>• ഇംഗ്ലീഷ് അസംബ്ലി<br>• മത്സരങ്ങൾ,<br>• പദനിർമ്മാണം,<br>• പദപ്രശ്നം,<br>• കളറിംഗ്,<br>• ഓർമ്മ പരിശോധന,<br>• പദപ്പയറ്റ് | | SRG<br><br>ഇംഗ്ലീഷ്ടീച്ചർ | |

✓ **<u>മേഖല - അക്കാദമികം</u>**

❖ **<u>ഉപമേഖല - ഗണിതം</u>**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാകുട്ടികൾക്കും ഗണിതത്തിലെ ചതുഷ്ക്രിയകൾ, പ്രശ്ന നിർധാരണം, എന്നിവയിൽ ശേഷിവികസിപ്പിക്കൽ | • നില നിർണ്ണയം<br>• പ്രവർത്തന പാക്കേജ്<br>• സംഖ്യാ ചിത്രങ്ങൾ തയ്യാറാക്കൽ,<br>• സംഖ്യാ ബോധത്തിനായി പാറ്റേണുകൾ കണ്ടെത്തൽ,<br>• അബാക്കസ് പ്രയോജനപ്പെടുത്തൽ, | അദ്ധ്യയന വർഷം | SRG<br><br>ഗണിതം ടീച്ചർ | |

| | | | | |
|---|---|---|---|---|
| | • മാന്ത്രിക ചതുരങ്ങൾ,<br>• ഗണിത കേളികൾ<br>• മെട്രിക്ക് മേളകൾ | | SRG<br><br>ഗണിതം ടീച്ചർ | |

✓ **മേഖല - അക്കാദമികം**

❖ **ഉപമേഖല - പരിസരപഠനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക<br>• ശാസ്ത്രീയാവബോധം,ശാസ്ത്രീയ മനോഭാവം എന്നിവ വളർത്തുക | • പ്രദർശനങ്ങൾ<br>• ക്വിസ്സ്<br>• നാടകങ്ങൾ<br>• ഡിജിറ്റൽ ആൽബം<br>• ഫീൽഡ് ട്രിപ്പുകൾ<br>• അഭിമുഖങ്ങൾ<br>• ലഘുപരീക്ഷണങ്ങൾ<br>• ശാസ്ത്രമൂലയും ശാസ്ത്രകിറ്റും ഒരുക്കൽ | അദ്ധ്യയന വർഷം | SRG<br><br>EVS ടീച്ചർ<br>SMC | |

✓ **മേഖല - അക്കാദമികം**

❖ **ഉപമേഖല - കലാകായിക പ്രവൃത്തിപരിചയം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ, കലാ, കായിക, പ്രവൃത്തിപരിചയ മേഖലകളുടെ സമഗ്രവികാസം ഉറപ്പുവരുത്തൽ കുട്ടികളിൽ ആത്മവിശ്വാസം വളർത്തൽ | • ശിൽപശാലകൾ<br>• ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ<br>• യോഗാ പരിശീലനം<br>• പ്രദർശനങ്ങൾ<br>• ലളിതകലാപഠന കേന്ദ്രം<br>• കായിക പരിശീലനം<br>• കലോത്സവങ്ങളിലെ പങ്കാളിത്തം<br>• ശാസ്ത്രമേളകളിലെ പങ്കാളിത്തം | അദ്ധ്യയന വർഷം | SRG<br>SMC | |



✓ **<u>മേഖല - അക്കാദമികം</u>**

❖ **<u>മൂല്യനിർണ്ണയം</u>**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പുവരുത്തുക | • നിരന്തര മൂല്യനിർണ്ണയം<br>• ടേംമൂല്യനിർണ്ണയം<br>• പരിഹാര ബോധനപാക്കേജ് | അദ്ധ്യയന വർഷം | SRG ക്ലാസ്സ് ടീച്ചർ | |

✓ **മേഖല - അക്കാദമികം**

❖ **സവിശേഷ പഠന പിന്തുണ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മത്സര പരീക്ഷകൾക്കും LSS നും പഠന പിന്തുണ | • ജി കെ കോർണർ<br>• മെഗാ ക്വിസ്<br>• വിജ്ഞാനോത്സവം<br>• എൽ എസ് എസ് പരിശീലനം | അദ്ധ്യയന വർഷം | SRG | |
| പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ മുഖ്യധാരയിലെത്തിക്കൽ | • പ്രത്യേക പരിശീലനം നേടൽ<br>• അനുരൂപീകരണം<br>• പ്രത്യേക വർക്ക് ഷീറ്റുകൾ<br>• ക്യാമ്പുകൾ | അദ്ധ്യയന വർഷം | SRG ക്ലാസ്സ് ടീച്ചർ | |
| ടാലൻറ് ലാബ് | • പട്ടിക തയ്യാറാക്കൽ<br>• പൊതുപരിശീലനം<br>• സവിശേഷ പരിശീലനം<br>• പൊതുവേദികൾ സംഘടിപ്പിക്കൽ | | | |

# മേഖല–ഭൗതിക സൗകര്യ വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സുരക്ഷിതത്വം | മേജർ റിപ്പയറിംഗ് | ഏപ്രിൽ മെയ് | SMC | LSGD ഫണ്ട് |
| സുരക്ഷിതത്വം | പുതിയ സ്കൂൾ കെട്ടിടം | ഈ അദ്ധ്യായന വർഷം | PWD | MLA ഫണ്ട് |
| ശിശു സൗഹൃദാന്തരീക്ഷം | വർണ്ണകൂടാരം | അടുത്ത അദ്ധ്യായന വർഷം | SMC | SSK ഫണ്ട് |
| ICT പ്രയോജനപ്പെടുത്തൽ | കമ്പ്യൂട്ടർ സൗകര്യം ഒരുക്കൽ | അദ്ധ്യായന വർഷം | IT@ school | വിദ്യാഭ്യാസ വകുപ്പ് LSGD |
| Campus as a learning aid | ജൈവവൈവിധ്യ ഉദ്യാനം, ശലഭപാർക്ക്, പച്ചക്കറിത്തോട്ടം തയ്യാറാക്കൽ | അദ്ധ്യായന വർഷം | SMC | സ്പോൺസർഷിപ്പ് |
| യാത്രാ സൗകര്യം മെച്ചപ്പെടുത്തൽ | വാഹന സൗകര്യം | ജൂൺ | SMC | സ്പോൺസർഷിപ്പ |
| പഠന പിന്തുണ | ലാബ്, ലൈബ്രറി നവീകരണം | അദ്ധ്യായന വർഷം | PWD SRG | വിദ്യാഭ്യാസ വകുപ്പ് |
| Campus as a learning aid | ചുറ്റുമതിൽ ആകർഷകമാക്കൽ | 2 വർഷം | SMC | LSGD ഫണ്ട് |
| Clean campus | ഡ്രെയിനേജ് പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം | 2 വർഷം | SMC | LSGD |
| സൗന്ദര്യവത്ക്കരണം | മരങ്ങൾക്ക് ചുറ്റും തറകെട്ടൽ | അടുത്ത അദ്ധ്യായന വർഷം | SMC | ഫണ്ട് |

# മേഖല–സമൂഹ ബന്ധ ആസൂത്രണം

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| വിദ്യാഭ്യാസ സർവ്വേ | 2019 ഫെബ്രുവരി | MPTA | |
| വിദ്യാലയ വികസന സമിതി രൂപീകരിക്കൽ | ജൂൺ 30 | SMC | |
| 12 രൂപീകരണം | 2025 മെയ് | | |
| പ്രതിമാസ മീറ്റിംഗ് | എല്ലാ മാസവും | SMC | |
| ദിനാചരണങ്ങൾ | | SMC, SRG | |
| ആഘോഷങ്ങൾ | ഓണം, ക്രിസ്തുമസ് | SMC | |
| പൂർവ്വ വിദ്യാർത്ഥി സംഗമം | ഏപ്രിൽ | | |
| സ്കൂൾ വാർഷികം | മാർച്ച് | SMC, SRG പൂർവ്വവിദ്യാർത്ഥികൾ | |
| കോർണർ പി.ടി.എ കൾ | എല്ലാ ടേമിലും | SRG, SMC | |
| ക്ലാസ് പി.ടി.എ കൾ | എല്ലാ മാസവും | SRG, SMC | |
| രക്ഷാകർത്തൃബോധവത്ക്കരണം | എല്ലാ മാസവും | SSA | |

# <u>മോണിറ്ററിംഗ്</u>

അക്കാദമിക് മാസ്റ്റർ പ്ലാൻ പ്രവർത്തനങ്ങൾ സമയബന്ധിതമായും കൃത്യമായും നടക്കുന്നുവെന്നും, നടന്ന പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി എത്രത്തോളമെന്നും ആവശ്യമായ ഭേദഗതികൾ ഏതൊക്കെയെന്നും അപ്പപ്പോൾ മോണിറ്റർ ചെയ്യേണ്ടതുണ്ട് SRG,SSG,SMC,BRC,AEO തുടങ്ങി വിവിധ തലങ്ങളിൽ ഇതാവശ്യമാണ്.

## ഉപസംഹാരം

ആനന്ദേശ്വരം ഗ്രാമത്തിൻെറ

വിദ്യാഭ്യാസ സാംസ്കാരിക സ്വപ്നങ്ങൾക്ക്

വർണം ചാലിക്കാനുള്ള

ഒരു എളിയ ശ്രമം.

മാറ്റങ്ങൾക്കും കൂട്ടിച്ചേർക്കലുകൾക്കും

വഴങ്ങുന്ന

തുറന്നസമീപനത്തോടെ............

❖

